പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4179

16.12.2014-ൽ മറുപടിക്ക്

## വീട് നിർമ്മാണത്തിലെ ധൂർത്ത്

### ചോദ്യം

ശ്രീ. പി. തിലോത്തമൻ:

(എ) ആവശ്യങ്ങൾ നിറവേറ്റും വിധവും ആഡംബരങ്ങൾ ഇല്ലാത്തതും ചെലവു കുറഞ്ഞതുമായ വീടുകളെ പ്രോത്സാഹിപ്പിക്കുന്നതിനും വീട് നിർമ്മാണത്തിലെ ധൂർത്ത് ഒഴിവാക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു പറയാമോ;

(ബി) ആവശ്യത്തിനു വലിപ്പമുള്ളവയും ചെലവു ചുരുങ്ങിയതുമായ വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും സാധാരണക്കാരായ ജനങ്ങളെ സഹായിക്കുന്നതിനും കുറഞ്ഞ നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭിക്കുവാനും ടാക്സ് ഇളവ് ലഭിക്കുവാനും ഓഫീസ് നടപടിക്രമങ്ങൾ എളുപ്പമാക്കുവാനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) പരിസ്ഥിതിയ്ക്ക് ഇണങ്ങിയ ചെലവുകുറഞ്ഞ സുരക്ഷിത ഭവനങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക, പ്രചരിപ്പിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസിയായ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും നടന്നു വരുന്നു. വീടു നിർമ്മിക്കാൻ ഉദ്ദേശിക്കുന്നവർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് Housing Guidance Cell കളും പ്രവർത്തിച്ചു വരുന്നു. വീട് നിർമ്മാണത്തിലെ ധൂർത്ത് ഒഴിവാക്കുന്നതിലേക്കായി Cost Effective Environment Friendly ടെക്നോളജിയെപ്പറ്റിയുള്ള അവബോധം വളർത്തുന്നതിനായി വിവിധ പരിശീലന പരിപാടികളും നിർമ്മിതി കേന്ദ്രത്തിന്റെ ഭാഗത്തു നിന്നും നടത്തി വരുന്നു.

(ബി) കുറഞ്ഞചെലവിൽ ഗുണനിലവാരമുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ വിവിധ ജില്ലകളിലായി 10 കലവറ യൂണിറ്റുകളും 10 പ്രൊഡക്ഷൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നു. കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതിനായി 7 കലവറകളുടെ പ്രവർത്തനം കൂടി ഉടൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ചെലവ് ചുരുങ്ങിയതും 600 സ്ക്വയർ ഫീറ്റിൽ താഴെയുള്ളതുമായ വീടു നിർമ്മിക്കുന്ന ബി. പി. എൽ ഗുണഭോക്താക്കൾക്ക് 15% വിലകുറച്ച് സ്റ്റീൽ, സിമന്റ് എന്നിവ നൽകി വരുന്നു. നിർമ്മിതിയുടെ സാങ്കേതിക വിദ്യ ഉപയോഗിച്ച്

വീട് നിർമ്മിക്കുന്ന ഉടമകൾക്ക് പ്രോത്സാഹനമായി ബിൽഡിംഗ് ടാക്സിൽ 25% കുറവ് നൽകി വരുന്നുണ്ട്. എറണാകുളം, പാലക്കാട്, പാല, മുട്ടം, വട്ടിയൂർക്കാവ്, അടൂർ എന്നീ മാതൃകാ നിർമ്മിതി കേന്ദ്രങ്ങൾ വഴി ഒരു വീടുവയ്ക്കുന്നതിനാവശ്യമായ നിർമ്മാണ സാമഗ്രികളുടെ ലഭ്യത, സ്റ്റീൽ, സിമന്റ്, പ്രവൃത്തി ഏറ്റെടുക്കൽ എന്നിങ്ങനെ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ നൽകി വരുന്നു.

ഭവന നിർമ്മാണ ബോർഡ് മുഖേന ദുർബല വിഭാഗത്തിൽപ്പെട്ട ഭൂ-രഹിത ഭവന രഹിതർക്കായി പണിതുവരുന്ന സാഫല്യം പദ്ധതിയിൽ ചെലവു കുറഞ്ഞ GFRP (ഗ്ലാസ് ഫൈബർ റീഇൻഫോഴ്സ്ഡ് ജിപ്സം) പാനൽ ഉപയോഗിച്ചുള്ള നിർമ്മാണ രീതി പ്രയോഗിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ